## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3854** **18/10/2011-ൽ മറുപടിക്ക്**

**ആർ.എം.എസ്.എ. പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ആർ.എം.എസ്.എ. പദ്ധതി നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | എ) ആർ.എം.എസ്.എ. പ്രകാരം ഹൈസ്കൂൾ ആരംഭിക്കുന്നതിനോ യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുന്നതിനോ ഉള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 5 കിലോമീറ്ററിനുള്ളിൽ മറ്റ് അംഗീകൃത സ്കൂളുകൾ ഇല്ലാതിരിക്കുക.<br>2. കുന്ന്, മല, പുഴ തുടങ്ങിയ പ്രകൃതി തടസ്സങ്ങളുള്ള പ്രദേശങ്ങളാണെങ്കിൽ ഈ ദൂരപരിധിയിൽ ഇളവ് ലഭിക്കും.<br>3. പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക സമുദായങ്ങൾ കൂടുതലായുള്ള പ്രദേശങ്ങൾക്ക് മുൻഗണന.<br>നിലവിലുള്ള ഹൈസ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:<br>1. ക്ലാസ്സ് റൂം വിദ്യാർത്ഥി അനുപാതം 1:40 ആണ്. 25 നും 40 നും ഇടയിൽ കുട്ടികളാണ് ഒരു ക്ലാസ്സ് റൂമിൽ ഉണ്ടാകേണ്ടത്. ഇതിൽ കൂടുതൽ ആയാൽ മാത്രമേ രണ്ടാം ഡിവിഷൻ അനുവദിക്കൂ.<br>2. ലാബ്, ലൈബ്രറി, ആർട്ട്/ക്രാഫ്റ്റ് റൂം, കമ്പ്യൂട്ടർ റൂം, ടോയിലറ്റ്, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ പ്രസ്തുത സൗകര്യങ്ങൾ നൽകുന്നു.<br>ഇവയ്ക്കു പുറമെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി എല്ലാ |

(......2)

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതിയുടെ ജോയിന്റ് അക്കൗണ്ട് നിലവിൽ ആരുടെ പേരിൽ ആണ് ; | ബി) | ഹെഡ്മാസ്റ്ററുടെയും ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ/സീനിയർ അസിസ്റ്റന്റിന്റെയും പേരിലാണ് പദ്ധതിയുടെ ജോയിന്റ് അക്കൗണ്ട്. |
| സി) | പ്രസ്തുത ജോയിന്റ് അക്കൗണ്ടിൽ പി. റ്റി. എ. പ്രതിനിധി ഉണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | ഇല്ല. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളനുസരിച്ചാണ് ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുള്ളത്. പി.റ്റി.എ. പ്രതിനിധിയെ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ